നെൽകൃഷിക്കാർക്ക് നൽകിവരുന്ന സബ്സിഡി

* 419. [447] ശ്രീ. വർക്കല രാധാകൃഷ്ണൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) നെൽകൃഷിക്കാർക്ക് ഇപ്പോൾ ഏതെല്ലാം ഇനത്തിലുള്ള സബ്സിഡികളാണ് സർക്കാർ നൽകിവരുന്നത് ;

(ബി) ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി ചെലവിന്റെ അൻപതു ശതമാനം സബ്സിഡിയായി നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 1. അത്യുല്പാദനശേഷിയുള്ള വിവിധയിനം നെൽവിത്തുകളും സൗജന്യനിരക്കിൽ (കിലോഗ്രാമിന് ഒരു രൂപ അൻപതു പൈസ) വിതരണം ചെയ്യുന്നു.

2. മിനി കിറ്റ് പരിപാടി വഴി പുതിയ നെൽവിത്തിനങ്ങൾ പ്രചരിപ്പിക്കുന്നു.

3. കുട്ടനാട് കോൾ നിലങ്ങളിൽ പമ്പിംഗിനുള്ള എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു.

4. പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായാൽ വീണ്ടും കൃഷിയിറക്കുന്നതിന് വിത്ത് സൗജന്യമായി നൽകുന്നു.

5. മുഞ്ഞനിയന്ത്രണ പരിപാടി നടപ്പിലാക്കിവരുന്നു.

6. 333/3 ശതമാനം സൗജന്യ നിരക്കിൽ സ്പ്രേയർ വിതരണം ചെയ്യുന്നു.

7. വിള ഇൻഷ്വറൻസ് പദ്ധതിക്ക് പ്രീമിയം സബ്സിഡി നൽകുന്നു.

8. ഹ്രസ്വകാല വായ്പ കുറഞ്ഞ പലിശയ്ക്ക് നൽകുന്നു.

കൂടാതെ പ്രത്യേക നിബന്ധനകൾക്ക് വിധേയമായി പലിശ ഇളവും നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഒരു പദ്ധതി എന്ന നിലയ്ക്ക് ഇക്കാര്യത്തിൽ തൽക്കാലം എന്തെങ്കിലും ചെയ്യാൻ സാമ്പത്തിക പരിമിതി അനുവദിക്കുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : രാജ്യവ്യാപകമായി കർഷക സമരം നടന്നുവരികയാണ്. കർഷകസംഘം നടത്തിവരുന്ന ഈ സമരത്തിലെ പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്ന് അവർക്ക് നെൽകൃഷിക്ക് സബ്സിഡി അനുവദിക്കുക എന്നതാണ്. ഇവിടെ വായിച്ചതിൽ സബ്സിഡിയെ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സമരത്തിനാധാരമായ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നായ സബ്സിഡി വർദ്ധിപ്പിക്കുന്നതിന്, ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ചെയ്ത ശുപാർശയുടെ അടിസ്ഥാനത്തിൽ സബ്സിഡി കൊടുത്ത് നെൽക്കൃഷി ലാഭകരമായി തീർക്കാനുള്ള എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്. ചർച്ചാവേളയിൽ ഗവൺമെൻറിൻെറ നിലപാട് എന്താണ് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇവിടെ സമരം നടക്കുന്നുണ്ട്. ഇന്നലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കർഷകസംഘത്തിൻെറ പ്രതിനിധികളുമായി ഒരു കോൺഫറൻസ് നടത്തി. നെൽക്കൃഷിക്കാരെ സഹായിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് മാത്രം നോക്കിയാൽ പോരാ. ഉള്ള റിപ്പോർട്ടുകളെല്ലാം പരിശോധിച്ച്-പ്ലാനിംഗ് ബോർഡ് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് വ്യാപകമായി നെൽക്കൃഷിക്കാരെ സഹായിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരം സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

* 420. [448] ശ്രീ. കെ. പുരുഷോത്തമൻ :
,, ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. കേശവൻ :
,, കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നു വർഷമാണ് നിലവിൽ വന്നത് ;

(ബി) 1-4-1986 വരെയുള്ള സമാഹരണ ലക്ഷ്യം എത്ര കോടിരൂപയുടേതായിരുന്നു ;

(സി) ഇതിൽ എത്ര കോടി രൂപയുടെ ലക്ഷ്യം നേടിയിട്ടുണ്ട് ;

(ഡി) ഈ സ്കീം നടപ്പിലാക്കാൻ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) 1984 സെപ്റ്റംബർ 1 മുതൽ നിലവിൽ വന്നു.

(ബി) 1984-85 സാമ്പത്തിക വർഷത്തിലേത് 2 കോടി രൂപയുടേയും 1985-86-ലേക്ക് ഒന്നരകോടി രൂപയുടേതുമായിരുന്നു.

(സി) 2,50,14,315 (രണ്ടു കോടി അൻപത് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റിപ്പതിനഞ്ചു രൂപ)

(ഡി) ഇൻഷ്വറൻസ് ഡയറക്ടറേറ്റ്

ഡെപ്യൂട്ടി ഡയറക്ടർ	—	1
സീനിയർ സൂപ്രണ്ട്	—	1
എൽ. ഡി. ക്ലർക്ക്	—	5
എൽ. ഡി. ടൈപ്പിസ്റ്റ്	—	1
പ്യൂൺ	—	2

LIBRARY ARCHIVES Kerala Legislative Assembly